# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 251 28/10/2019-ൽ മറുപടിയ്ക്ക്

## കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും പീഢനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത അക്രമവും പീഢനവും തടയുക എന്ന ലക്ഷ്യത്തോടെ കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തൊക്കെ പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ഉണ്ട്. ' കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി ' എന്ന പദ്ധതി സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്.ഉത്തരവാദിത്വപൂർണ്ണമായ രക്ഷാ കർത്തൃത്വം കുട്ടികൾക്ക് ഉറപ്പാക്കുക എന്നതാണ് കരുതൽ സ്പർശത്തിന്റെ ഉദ്ദേശ്യം. ഇതിനായി പ്രസ്തുത വിഷയത്തെ ആസ്പദമാക്കിക്കൊണ്ട് ഒരു ഏകദിന തത്സമയ ബോധവൽക്കരണ പരിപാടി വിക്ടേഴ്സ് ചാനലിന്റെ സഹായത്തോടെ സംഘടിപ്പിച്ചിരുന്നു.സംസ്ഥാനത്തൊട്ടാകെ പ്രത്യേകം സജ്ജീകരിച്ച സംവിധാനങ്ങൾ വഴി ഒരു ലക്ഷത്തോളം വരുന്ന ആളുകൾ പ്രസ്തുത പരിപാടി വീക്ഷിക്കുകയുണ്ടായി . സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച പരിശീലകർക്കുള്ള ദ്വിദിന പരിശീലന പരിപാടിയിൽ ഉത്തരവാദിത്ത്വ പൂർണ്ണമായ രക്ഷാകർതൃത്വത്തെ കുറിച്ചും രക്ഷകർത്താക്കൾ അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെ സംബ |

| | | |
|---|---|---|
| | | ന്ധിച്ചും ആഴത്തിൽ ചർച്ചകൾ നടത്തി. അങ്കണവാടി മുഖേന രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നതിനായി പരിശീലകർക്കുള്ള ഹാൻഡ് ബുക്ക് തയ്യാറാക്കിയിട്ടുണ്ട്. ടി പരിപാടിയുടെ ഭാഗമായി ഒരു ഷോർട്ട് ഫിലിം തയ്യാറാക്കിയിട്ടുണ്ട്.സംസ്ഥാനത്തെ 941 പഞ്ചായത്തുകളിലും കരുതൽ സ്പർശത്തിന്റെ ഭാഗമായി രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ പരിപാടി നടപ്പിലാക്കുന്നുണ്ട് .ജൂൺ 1 ഗ്ലോബൽ പാരന്റിങ് ഡേ മുതൽ നവംബർ 14 ശിശുദിനം വരെ മെഗാ ക്യാമ്പയിനുകൾ ,വൽനറബലിറ്റി സർവേ എന്നിവ സംഘടിപ്പിച്ചു വരുന്നു . |
| (സി) | ഈ പദ്ധതി ഒരു തുടർ പദ്ധതിയായി നടത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) പരിശോധിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ